# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2487      20.06.2012-ൽ മറുപടിയ്ക്ക്

## ടൂറിസം മാർക്കറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം മാർക്കറ്റിംഗിന്റെ ഭാഗമായി ടൂറിസം വകുപ്പ് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടേയും പരിപാടികളുടേയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(ബി) ഇതിനായി ബന്ധപ്പെട്ട കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന പദ്ധതികളും പരിപാടികളും വിശദമാക്കാമോ; | (എ) & (ബി) ഏപ്രിൽ മുതൽ സെപ്തംബർ വരെ നീണ്ടു നിൽക്കുന്ന ഡ്രീം സീസൺ കാമ്പയിൻ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്.<br>ഡ്രീം സീസൺ കാമ്പയിനിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പദ്ധതികൾ താഴെ ചേർക്കുന്നു.<br>1. ടി.വി. കാമ്പയിൻ<br>2. റേഡിയോ കാമ്പയിൻ<br>3. ഒ.ഒ.എച്ച് ട്രാൻസ്ലേറ്റ്സ് (വിവിധ എയർപോർട്ടുകളിൽ-ഡിജിറ്റൽ ഡിസ്പ്ലേ)<br>4. പ്രിന്റ് മീഡിയ<br>5. ഡിജിറ്റൽ മാർക്കറ്റിംഗ്(ഗൂഗിൾ, ഫെയ്സ് ബുക്ക് തുടങ്ങിയ മാധ്യമങ്ങൾ)<br>6. വെർച്വൽ വീഡിയോ വോൾ (കേരള ടൂറിസം വെബ്സൈറ്റ് വഴി) |
| (സി) വിദേശ രാജ്യങ്ങളിൽ നടത്തുന്ന റോഡ്ഷോകളിലും മാർട്ടു കളിലും പങ്കെടുക്കുന്നതിനുളള പരിപാടികൾക്ക് രൂപം നല്കിയിട്ടുണ്ടോ; | (സി) ടൂറിസം പ്രചരണവുമായി ബന്ധപ്പെട്ട് 2012-2013 വർഷത്തെ വിവിധ പദ്ധതികൾ സംബന്ധിച്ച് അന്തിമ തീരുമാനം തയ്യാറായി വരുന്നതേയുള്ളു. വിദേശ രാജ്യങ്ങളിൽ നടക്കുന്ന റോഡ് ഷോകളുടേയും മാർട്ടുകളുടേയും അന്തിമ രൂപം തയ്യാറായിട്ടില്ല. |